**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2161** **21-06-2024 - ൽ മറുപടിയ്ക്ക്**

**ചാത്തന്നൂർ മണ്ഡലത്തിലെ ആർദ്രം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി എസ് ജയലാൽ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ചാത്തന്നൂർ മണ്ഡലത്തിൽ നിലവിൽ ആർദ്രം പദ്ധതി നടപ്പാക്കിയിട്ടുള്ളത് ഏതെല്ലാം ആരോഗ്യ കേന്ദ്രങ്ങളിലാണെന്നും പ്രസ്തുത പദ്ധതി പ്രകാരം ആരോഗ്യ കേന്ദ്രങ്ങളിലോരോന്നിലും എന്തെല്ലാം സൗകര്യങ്ങളാണ് സജ്ജമാക്കിയിട്ടുള്ളതെന്നും വിശദമാക്കാമോ; | (എ) | ആർദ്രം ഒന്നാം ഘട്ടത്തിൽ തെരഞ്ഞെടുത്ത ചാത്തന്നൂർ പി.എച്ച്.സിയെയും രണ്ടാം ഘട്ടത്തിൽ തെരഞ്ഞെടുത്ത പൊഴിക്കര പി.എച്ച്.സിയെയും മൂന്നാം ഘട്ടത്തിൽ തെരഞ്ഞെടുത്ത ചിറക്കര പി.എച്ച്.സിയെയും കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തി. കൂടാതെ കലയ്ക്കോട് സാമൂഹികാരോഗ്യ കേന്ദ്രത്തെ ബ്ലോക്ക് ഫാമിലി ഹെൽത്ത് സെന്റർ ആക്കി ഉയർത്തി. മൂന്നാം ഘട്ടത്തിൽ തെരഞ്ഞെടുത്ത ആദിച്ചനല്ലൂർ, പാരിപ്പള്ളി പി.എച്ച്.സികളുടെ നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിച്ച് വരുന്നു.<br><br>ആർദ്രം പദ്ധതിയുടെ ഭാഗമായി രോഗികൾക്ക് വിശ്രമിക്കുന്നതിനാവശ്യമായ കാത്തിരിപ്പ് മുറികൾ, ഒ.പി. രജിസ്ട്രേഷൻ കൗണ്ടറുകൾ, രോഗീസൗഹൃദ ശുചിമുറികൾ, സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേക ശുചിമുറികൾ, ഭിന്നശേഷിക്കാർക്ക് ഉപയോഗിക്കുന്നതിനായി റാംപ് നിർമ്മാണം, പ്രീ-ചെക്കപ്പ്, കൗൺസിലിംഗ് സംവിധാനം, രോഗിയുടെ സ്വകാര്യത ഉറപ്പ് വരുത്തുന്നതിനാവശ്യമായ പരിശോധന മുറികൾ, ഇൻജക്ഷൻ റൂം, ഡ്രസ്സിംഗ് റൂം, ഒബ്സർവേഷൻ റൂം, നഴ്സസ് സ്റ്റേഷൻ, ലാബ്, ഫാർമസി, ലാബ് വെയിറ്റിംഗ് ഏരിയ, കാത്തിരിപ്പ മുറികളിൽ രോഗികൾക്ക് നിർദ്ദേശങ്ങൾ നൽകുന്നതിനുതകുന്ന രീതിയിൽ ടെലിവിഷൻ സ്ഥാപിക്കൽ, എയർപോർട്ട് ചെയർ, മറ്റു കസേരകൾ ലഭ്യമാക്കൽ, കുടിവെള്ള വിതരണം, ദിശാബോർഡ്, പബ്ലിക് അഡ്രസ്സിംഗ് സിസ്റ്റം എന്നിവ നടപ്പിലാക്കി വരുന്നു. കൂടാതെ ഇമ്മ്യൂണൈസേഷൻ, ശ്വാസ്, ആശ്വാസ്, സമ്പൂർണ്ണ മാനസികാരോഗ്യ പദ്ധതികൾക്കായി ക്ലിനിക്കുകളും ലഭ്യമാക്കാറുണ്ട്. |
| (ബി) | ചാത്തന്നൂർ മണ്ഡലത്തിൽ ആരംഭിച്ച ഹെൽത്ത് ആൻഡ് വെൽനെസ്സ് സെന്ററുകളുടെ പ്രവർത്തന പുരോഗതി സംബന്ധിച്ചും പ്രസ്തുത സെന്ററുകളിൽ | (ബി) | ചാത്തന്നൂർ മണ്ഡലത്തിലെ വെൽനസ്സ് സെന്ററുകളുടെ പ്രവർത്തന പുരോഗതി സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| | നിന്ന് എന്തെല്ലാം സേവനങ്ങളാണ് പൊതുജനങ്ങൾക്ക് ലഭിക്കുന്നതെന്നും അറിയിക്കാമോ? | | വെൽനസ്സ് സെന്ററുകളിൽ നിന്ന് ലഭ്യമാകുന്ന സേവനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>ജനസൗഹൃദ സേവനങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ഉപആരോഗ്യ കേന്ദ്രങ്ങളുടെ ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി ജനകീയ ആരോഗ്യ കേന്ദ്രങ്ങളായി വികസിപ്പിച്ചു. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചു ജനപങ്കാളിത്തത്തോടെയാണ് ജനകീയാരോഗ്യകേന്ദ്രത്തിന്റെ പ്രവർത്തനങ്ങൾ ഉറപ്പ് വരുത്തുന്നത്. രാവിലെ ഒൻപതു മണിമുതൽ വൈകിട്ട് നാലു മണിവരെ എല്ലാ പ്രവൃത്തി ദിനങ്ങളിലും ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. ജനകീയ ആരോഗ്യ കേന്ദ്രത്തിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, ഒരു മിഡ് ലെവൽ സർവീസ് പ്രൊവൈഡറിന്റെയും (MLSP) സേവനം ഉണ്ടായിരിക്കുന്നതാണ്. ആശാ പ്രവർത്തകർ ഈ ടീമിന് വേണ്ട പിന്തുണ നൽകുകയും സമൂഹവുമായുള്ള കണ്ണിയായി പ്രവർത്തിക്കുകയും ചെയ്യുന്നു. ഇവർ ജനകീയ ആരോഗ്യ കേന്ദ്രം മുഖേനയുള്ള വ്യത്യസ്തങ്ങളായ ക്ലിനിക്കുകൾക്കു നേതൃത്വം നൽകുകയും കമ്മ്യൂണിറ്റി തലത്തിൽ അടക്കം സേവനങ്ങൾ നൽകുകയും ചെയ്യുന്നു. ജനകീയ ആരോഗ്യ കേന്ദ്രങ്ങളിൽ കൂടുതൽ മെച്ചപ്പെട്ട സേവനങ്ങൾ നൽകുന്നതിന് ആവശ്യമായ പരിശീലനം JAK ടീമിന് നൽകി വരുന്നു കൂടാതെ, ജീവിതശൈലി രോഗനിർണയവും അവയുടെ പരിണിത ഫലങ്ങളുടേയും നിർണയത്തിനുള്ള ക്ലിനിക് (NCD clinic) / വയോജനങ്ങൾക്കുള്ള ക്ലിനിക്, സ്ത്രീകൾക്കുള്ള പ്രത്യേക ക്ലിനിക് (well woman clinic), വിഷയാധിഷ്ഠിത ക്ലിനിക്, ഗ്രൂപ്പ് യോഗങ്ങൾ, ഗൃഹസന്ദർശനം, ടെലി കൺസൾട്ടേഷൻ സേവനം, മെഡിക്കൽ കോളേജ് മുതലായ tertiary ആശുപത്രികളിൽ നിന്ന് ഡിസ്ചാർജ് ആകുന്ന ചില രോഗികൾക്ക് സേവനങ്ങൾ നൽകുക, പാലിയേറ്റീവ് ടീമിന്റെ സേവനങ്ങൾക്ക് വേണ്ട സഹകരണം നൽകുക, ജനകീയ ആരോഗ്യ ക്ലബ്ബുകൾ മുതലായ സേവനങ്ങൾ ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ വഴി ലഭ്യമാകുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | നിലവിലെ സ്ഥിതി |
|---|---|---|
| 1. | FWC ചാത്തന്നൂർ മെയിൻ സെന്റർ | ടെൻഡർ നടപടികൾ പുരോഗമിക്കുന്നു |
| 2. | FWC താഴം നോർത്ത് | ടെൻഡർ നടപടികൾ പുരോഗമിക്കുന്നു |
| 3. | FWC കൊങ്ങൾ | ടെൻഡർ നടപടികൾ പുരോഗമിക്കുന്നു |
| 4. | FWC കുനയിൽ | ടെൻഡർ നടപടികൾ പുരോഗമിക്കുന്നു |
| 5. | FWC കുറുമാൻഡൽ | ടെൻഡർ നടപടികൾ പുരോഗമിക്കുന്നു |
| 6. | FWC പറയിൽ കാവ് | ടെൻഡർ നടപടികൾ പുരോഗമിക്കുന്നു |
| 7. | FWC ചിറക്കര താഴം | ടെൻഡർ നടപടികൾ പുരോഗമിക്കുന്നു |
| 8. | FWC താഴം സൗത്ത് | ടെൻഡർ നടപടികൾ പുരോഗമിക്കുന്നു |
| 9. | FWC ആദിച്ചനല്ലൂർ മെയിൻ സെന്റർ | നിർമ്മാണ പ്രവൃത്തി പൂർത്തിയായി |
| 10. | FWC കല്ലുവതുക്കൽ | ടെൻഡർ നടപടികൾ പുരോഗമിക്കുന്നു |
| 11. | FWC വേളമാനൂർ | പ്രവൃത്തി പൂർത്തിയായി |
| 12. | FWC ഭൂതക്കുളം | ടെൻഡർ നടപടികൾ പുരോഗമിക്കുന്നു |
| 13. | FWC കലയ്ക്കോട് | ടെൻഡർ നടപടികൾ പുരോഗമിക്കുന്നു |
| 14. | കലയ്ക്കോട് മെയിൻ സെന്റർ | ടെൻഡർ നടപടികൾ പുരോഗമിക്കുന്നു |
| 15. | FWC പുത്തൻകുളം | ടെൻഡർ നടപടികൾ പുരോഗമിക്കുന്നു |

Shawla.m

സെക്ഷൻ ഓഫീസർ